**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 491

07.01.2014-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തിൽ കൺസ്യൂമർഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; | (എ) അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തിൽ കൺസ്യൂമർ ഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) വിലനിലവാരം നിയന്ത്രിക്കുന്നതിന് ഈ വർഷം ഉൽസവകാല മാർക്കറ്റുകൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) ഉൽസവകാല വിപണികൾ 2012 ൽ നടത്തിയതു പോലെ 2013 ലും നടത്തിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡ്ഡിന്റെ ആസ്തി-ബാധ്യതകളിൽ എന്ത് വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കാമോ; | (സി) 2010-11 സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡിന്റെ നഷ്ടം 19.28 കോടി രൂപയും സഞ്ചിത നഷ്ടം 93.45 കോടി രൂപയും ആയിരുന്നു. 2011-12 സാമ്പത്തിക വർഷം ആയവ യഥാക്രമം 34.77 കോടി രൂപയും 128.22 കോടി രൂപയുമായി വർദ്ധിച്ചു. |

| | | | |
|---|---|---|---|
| (ഡി) | കൺസ്യൂമർ ഫെഡ്ഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളാണ് കൺസ്യൂമർഫെഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:<br>1. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി.<br>2. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ്, ഇടുക്കി.<br>3. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ്.<br>4. ടെംപറേച്ചർ കൺട്രോൾഡ് വെയർഹ ൗ സ്, വടക്കാഞ്ചേരി.<br>5. ത്രിവേണി പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ.<br>6. ത്രിവേണി വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ.<br>7. മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ്, ചക്കവള്ളി.<br>8. കോക്കനട്ട് ഓയിൽ എക്സ്ട്രാക്ഷൻ പ്ലാന്റ്.<br>9. സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്, കന്ദംകുളം.<br>10. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാർഡ്‌വെയർ അസംബ്ലിംഗ് ആന്റ് പ്രോസസ്സിംഗ് യൂണിറ്റ്. |

സെക്ഷൻ ഓഫീസർ